ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080
ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in

## സർക്കുലർ

നം: ഇ എസ്2-713/2025/ആവഡ

തീയതി: 09-01-2025

വിഷയം:- ആ.വ.ഡ –ആരോഗ്യവകുപ്പിലെ എൽ.ഡി ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നത് – സംബന്ധിച്ച്

സൂചന:-
1. ഉത്തരവ് നം.ഇഎസ്2-14952/2023/ആവഡ തീയതി 08/08/2023
2. സർക്കാർ ഉത്തരവ് (അച്ചടി) നം.7/2024/പി&എആർഡി തീയതി.25/09/2024

ആരോഗ്യവകുപ്പിൽ 31/12/2022 വരെ സർവ്വീസിൽ പ്രവേശിച്ച എൽ.ഡി ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി പട്ടിക സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടാത്തവരും 01.01.2023 മുതൽ 31/12/2024 വരെ സർവ്വീസിൽ പ്രവേശിച്ച എൽ.ഡി ടൈപ്പിസ്റ്റുമാരും ടൈപ്പിസ്റ്റ് ഓപ്ഷൻ നൽകിയിട്ടുള്ള ക്ലർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്ക്ലാർക്കുമാരും സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ വിവരങ്ങൾ കൃത്യതയോടുകൂടി രേഖപ്പെടുത്തി പി. എസ്. സി ശുപാർശയുടെയും മറ്റ് ഉത്തരവുകളുടെയും പകർപ്പുകൾ സഹിതം ഉചിതമാർഗ്ഗേന ഈ സർക്കുലർ പ്രസിദ്ധീകരിച്ച് 15 ദിവസങ്ങൾക്കകം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ജീവനക്കാർ സമർപ്പിക്കുന്ന പ്രൊഫോർമ അതാത് ഓഫീസ് മേധാവിമാർ സേവനപുസ്തകവുമായി ഒത്തുനോക്കി പ്രൊഫോർമയിൽ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ടൈപ്പിസ്റ്റ് ഓപ്ഷൻ നൽകിയിട്ടുള്ള ക്ലർക്ക്-ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്ക്ലാർക്കുമാർ സൂചന (2) സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും പരിശോധിച്ച് കൃത്യത ഉറപ്പാക്കി മാത്രമേ ജില്ലാ മെഡിക്കൽ ഓഫീസർ

മുഖേനെ ഈ ഓഫീസിലേക്ക് അയ്ക്കവാൻ പാടുള്ളൂ. അന്തിമ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

SENIOR ADMINSTRATIVE ASSISTANT

**ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി**

ഉള്ളടക്കം

1. പ്രൊഫോർമ
2. സൂചന (2) ലെ സർക്കാർ ഉത്തരവ്

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർക്ക്

(ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേനെ)

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും

   (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേനെ)

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇഡി സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ.

# Proforma for preparation of Seniority List

## Category:- Lower Division Typist

**I) General Details**

a. Name (In Capital) :

b. Male/Female :

c. PEN :

d. Designation :

e. Present Station with District :

f. Date of Birth :

g. Qualification (General and Technical) :

**II) Appointment details :-**

a. PSC Advice No & Date :

(If more than one PSC appointment, the last PSC Advice No & Date should be noted, *Copy of advice should be attached*)

b. District :

c. Appointment Order No. and Date. :

(*Copy of order should be attached*)

**III) Whether the incumbent appointed as Clerk Typist/ Typist Clerk , has opted for Typist, if yes**

a. Date of option :

(*Copy of option form should be attached*)

**IV) Service Details :-**

a. Designation in the Entry cadre :
b. Date of joining in the Entry cadre :
c. Whether availed extension of joining time, if so :

i. Period :
ii. Date of Joining duty :

(*Attach copy of order*)

d. Whether probation declared, if so :
Order No with date & Date of effect of probation :

(*copy of order should be attached)*

**V) Whether availed Inter District Transfer, If so**

a. Order No & Date :

b. District to which transferred :

c. Date of joining in the new district :

**VI) Details of LWA if any :-**

a) Period of LWA :

b) Sanction Order No. and Date :

c) Purpose

d) Date of rejoining after LWA :

**VII) Mobile No of the incumbent** :

**VIII) Any other relevant information** :

**Date:** **Signature of the incumbent**

Certified that the service particulars furnished above are verified with respective service register and relevant records and found correct.

**Signature of Head of Institution**

**Counter Signature of DMO(H)**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്- ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികയിലെ നിയമനം - പ്രൊമോഷൻ / കാറ്റഗറി മാറ്റം എന്നിവയ്ക്ക് നിലവിലുള്ള വ്യവസ്ഥകൾക്ക് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**സ.ഉ. (അച്ചടി) നം. 7/ 2024/ പി&എ.ആർ.ഡി തീയതി, തിരുവനന്തപുരം, 25-09-2024**

==================================================================

പരാമർശം:- 1) G.O.(MS)No.11/89/P&ARD dated 25-04-1989.

2) G.O.(P)No.20/1990/P&ARD dated 31-05-1990.

**<u>ഉത്തരവ്</u>**

ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികയിലെ നിയമനം, പ്രൊമോഷൻ, കാറ്റഗറി മാറ്റം എന്നിവ സംബന്ധിച്ച് പരാമർശം (1), (2) പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം (1) ഉത്തരവ് പ്രകാരം ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്നവർ സ്ഥാനക്കയറ്റം ലഭിക്കുന്നതിലേക്ക് ഓപ്ഷൻ നൽകുന്നതിലേക്കുള്ള സമയപരിധി സംബന്ധിച്ചും, പരാമർശം (2) ഉത്തരവ് പ്രകാരം അഞ്ചു വർഷങ്ങൾക്കുള്ളിൽ സ്ഥാനക്കയറ്റം ലഭിക്കാത്തവർക്ക് കാറ്റഗറി മാറ്റം അനുവദിക്കുന്നത് സംബന്ധിച്ചും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾക്ക് വിവിധ വകുപ്പുകളിൽ പല വിധത്തിലുള്ള വ്യാഖ്യാനങ്ങൾ ഉണ്ടാവുന്നതും നിരവധി സംശയങ്ങൾ ഉയർന്നുവരുന്നതും മൂലം ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികകളിൽ യഥാസമയം സ്ഥാനക്കയറ്റം/കാറ്റഗറി മാറ്റം അനുവദിക്കാൻ കഴിയാതെ വരുന്നതായും എൻട്രി കേഡർ തസ്തികയിൽ ഒഴിവുകൾ ഉണ്ടാകാതിരിക്കുന്ന സാഹചര്യം സംജാതമാകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ, ക്ലാർക്ക് -ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് - ക്ലാർക്ക് തസ്തികയുടെ നിയമനം, പ്രൊമോഷൻ, കാറ്റഗറി മാറ്റം എന്നിവ സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രകാരം സ്പഷ്ടീകരണം നൽകുന്നു.

i. ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്ന ജീവനക്കാർ ക്ലാർക്ക് അല്ലെങ്കിൽ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പരിഗണിക്കുന്നതിലേക്കായി സർവീസിൽ പ്രവേശിച്ച് ആറ് മാസത്തിനകം ഓപ്ഷൻ നൽകേണ്ടതാണ്.

ii. ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ച് ആറുമാസത്തിനുള്ളിൽ ഒരു തവണ ഓപ്ഷൻ മാറ്റുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. ആറുമാസത്തിനു ശേഷം ഒരു കാരണവശാലും ഓപ്ഷൻ മാറ്റുന്നതിന് അവസരം ഉണ്ടായിരിക്കുന്നതല്ല.

iii. ആറുമാസത്തിനുള്ളിൽ ഓപ്ഷൻ നൽകാത്ത ജീവനക്കാരെ ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയോറിറ്റി പട്ടികയിലായിരിക്കും ഉൾപ്പെടുത്തുന്നത്.

iv. ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി, ക്ലാർക്ക് അല്ലെങ്കിൽ ടൈപ്പിസ്റ്റ് തസ്തികകളിൽ ഏത് സീനിയോറിറ്റി പട്ടികയിലാണ് ഉൾപ്പെടുത്തേണ്ടത് എന്ന് നിശ്ചയിക്കുന്നതിനുവേണ്ടി മാത്രമാണ് ഓപ്ഷൻ സ്വീകരിക്കുന്നത്. അതിനാൽ ഓപ്ഷൻ നൽകിക്കഴിഞ്ഞാലും ടി ജീവനക്കാർ ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്- ക്ലാർക്ക് തസ്തികയിൽ തന്നെ തുടരേണ്ടതാണ്.

v. ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്ന ജീവനക്കാർ ടി സർവീസിൽ പ്രവേശിച്ച് അഞ്ചു വർഷം പൂർത്തിയായതിനു ശേഷവും പ്രമോഷൻ ലഭിക്കാത്ത പക്ഷം ക്ലാർക്ക് അല്ലെങ്കിൽ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് കാറ്റഗറി മാറ്റത്തിന് അപേക്ഷിക്കാവുന്നതാണ്. നേരത്തെ ക്ലാർക്ക് തസ്തികയിലേക്ക് ഓപ്ഷൻ സമർപ്പിച്ചിരുന്ന ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്കും ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഓപ്ഷൻ സമർപ്പിച്ചിരുന്ന ജീവനക്കാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലേക്കും മാത്രമേ ഇപ്രകാരം കാറ്റഗറി മാറ്റത്തിന് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ അതാത് നിയമന യൂണിറ്റുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് മാത്രമേ ഇപ്രകാരം കാറ്റഗറി മാറ്റം അനുവദിക്കുകയുള്ളൂ. ഇത്തരത്തിൽ കാറ്റഗറി മാറ്റമുണ്ടാകുമ്പോൾ ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി സംരക്ഷിച്ചു നൽകുന്നതാണ്.

vi. ക്ലാർക്ക്-ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികയിലുള്ളവർ ഓപ്ഷൻ നൽകി എന്നതിന്റെ അടിസ്ഥാനത്തിലോ, അഞ്ച് വർഷം പൂർത്തിയാക്കി എന്നതിന്റെ അടിസ്ഥാനത്തിലോ ടിയാളുകളെ ക്ലാർക്ക് അല്ലെങ്കിൽ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് മാറ്റി നിയമിക്കേണ്ടതില്ല. അഞ്ചുവർഷം പൂർത്തിയാക്കിയശേഷം കാറ്റഗറി മാറ്റത്തിന് ടി ജീവനക്കാർ അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ മാത്രമേ പ്രവേശന തസ്തികയായ ക്ലാർക്ക് അല്ലെങ്കിൽ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് കാറ്റഗറി മാറ്റം അനുവദിക്കേണ്ടതുള്ളൂ. കാറ്റഗറി മാറ്റത്തിന് അപേക്ഷ സമർപ്പിക്കാത്ത ജീവനക്കാർ സീനിയർ ക്ലാർക്ക്/ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് പ്രമോഷൻ/ നിയമനം ലഭിക്കുന്നതു വരെ ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്- ക്ലാർക്ക് തസ്തികയിൽ തുടരേണ്ടതാണ്.

vii. ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്-ക്ലാർക്ക് തസ്തികയിൽ അഞ്ചു വർഷം പൂർത്തിയാകുന്നതിന് മുൻപ് ക്ലാർക്ക് അല്ലെങ്കിൽ ടൈപ്പിസ്റ്റ് തസ്തികകളിലെ സീനിയോറിറ്റിയെ അടിസ്ഥാനമാക്കി സീനിയർ ക്ലാർക്ക് അല്ലെങ്കിൽ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് സ്ഥാനക്കയറ്റത്തിനുള്ള ഊഴം എത്തുന്നുവെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് അല്ലെങ്കിൽ അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിൽ സ്ഥാനക്കയറ്റം നൽകുന്നതിന് മേൽ വ്യവസ്ഥകൾ തടസ്സമല്ല.

viii. ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്- ക്ലാർക്ക് തസ്തികയിൽ തുടരുമ്പോൾ തന്നെ ക്ലാർക്ക് തസ്തിക ഓപ്റ്റ് ചെയ്തിട്ടുള്ള ജീവനക്കാരെ പ്രൊബേഷന്റെയും പ്രൊമോഷന്റെയും ആവശ്യത്തിന് ക്ലാർക്ക് തസ്തികയിലുള്ളവരായിട്ടായിരിക്കും പരിഗണിക്കുന്നത്. ടി ജീവനക്കാർ ക്ലാർക്ക് തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കുന്നതിലേക്കായി ടി തസ്തികയിൽ പ്രൊബേഷന് നിഷ്കർഷിച്ചിട്ടുള്ള വകുപ്പുതല പരീക്ഷായോഗ്യതയും സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ആയതിന് നിഷ്കർഷിച്ചിട്ടുള്ള വകുപ്പുതല പരീക്ഷായോഗ്യതയും നേടേണ്ടതാണ്.

ix. ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്- ക്ലാർക്ക് തസ്തികകൾക്ക് പ്രത്യേകമായി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതില്ല.

x. ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ്- ക്ലാർക്ക് തസ്തികകൾ വ്യത്യസ്തമായ കാറ്റഗറി തസ്തികകളാണ്. ആയവ ഇന്റർ- ചെയ്ഞ്ചബിൾ (പരസ്പരം മാറ്റാവുന്നത്) അല്ല. അതിനാൽ ടി തസ്തികളിലുള്ളവരെ പരസ്പരം മാറ്റി നിയമിക്കുവാൻ പാട്ടുള്ളതല്ല.

xi. ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് - ക്ലാർക്ക് എന്നീ തസ്തികകളുടെ കേഡർ സ്ട്രെങ്ത് പ്രത്യേകം പ്രത്യേകമായി നിലനിർത്തേണ്ടതാണ്. ക്ലാർക്ക് തസ്തികയുടെയോ ടൈപ്പിസ്റ്റ് തസ്തികയുടെയോ കേഡർ സ്ട്രെങ്ത് കണക്കാക്കുമ്പോൾ ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് - ക്ലാർക്ക് തസ്തികകളുടെ എണ്ണം ഒരു കാരണവശാലും അതിൽ ഉൾപ്പെടുത്തുവാൻ പാടില്ല.

4. എല്ലാ നിയമനാധികാരികളും, വകുപ്പ് മേധാവികളും, മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പുനീത് കുമാർ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും(ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്ത് സഹിതം)

കമ്മീഷണർ, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ( ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ്ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും, എല്ലാ ജില്ലാ കളക്ടർമാർക്കും

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പകൾക്കും, എല്ലാ സെക്ഷനുകൾക്കും ( കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി) (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് (വകുപ്പിന്റെ www.pard.kerala.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ